ഉത്തരം

(എ) ഇതുവരെ 2356 പട്ടികജാതിക്കാർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) 1,07,71,000 രൂപ ഈ ഇനത്തിൽ ചെലവാക്കിയിട്ടുണ്ട്.

(സി) 25,000 രൂപയിൽ കവിയാത്ത കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതിക്കാർക്ക് ചികിത്സാ ചെലവിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നത്.

(ഡി) ക്യാൻസർ തുടങ്ങി ദീർഘകാല ചികിത്സ വേണ്ട രോഗങ്ങൾ, ചെലവുകൂടിയ ശസ്ത്രക്രിയകൾ, ഡയാലിസിസ് തുടങ്ങിയവയ്ക്കും ഈ പദ്ധതിപ്രകാരം ചികിത്സാ സഹായം നൽകുന്നു.

(ഇ&എഫ്) പട്ടികജാതി വികസന വകുപ്പ് പ്രസിദ്ധീകരിക്കുന്ന ലഘു ലേഖകൾ വഴിയും ബോധവൽക്കരണ സെമിനാറുകൾ വഴിയും ഇക്കാര്യത്തിൽ പൊതുജനങ്ങളുടെയിടയ്ക്ക് വേണ്ട പ്രചരണം നൽകുന്നുണ്ട്.

നായാടി ജന വിഭാഗത്തെ സംബന്ധിച്ച പഠനം

18 (2568) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നായാടി ജനവിഭാഗം പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിൽ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനമെന്ന് വെളിപ്പെടുത്തുമോ ;

(ബി) സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നു വിട്ടുനിൽക്കുന്ന നായാടി ജനവിഭാഗത്തിൽ താല്പര്യമുള്ളവർക്ക് വിദ്യാഭ്യാസം നൽകുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) നായാടി ജനസമൂഹത്തിൽ വിദ്യാസമ്പന്നർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1981-ലെ കാനേഷുമാരി കണക്കനുസരിച്ച് നായാടികൾ കേരളത്തിലെ മൊത്തം പട്ടികജാതി ജനസംഖ്യയുടെ 0.11 ശതമാനം ആണ്. 1991-ലെ കാനേഷുമാരി അനുസരിച്ചുള്ള കണക്ക് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതിയിൽപ്പെട്ട ഇവരുടെ വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥ പരിഗണിച്ച് പട്ടിക വർഗ്ഗക്കാർക്ക് നൽകിവരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇപ്പോൾ നൽകിവരുന്നു. കൂടാതെ പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റിനു പുറമേ പ്രതിമാസം 25 രൂപ മുതൽ 35 രൂപവരെ നിരക്കിൽ സ്റ്റൈപെന്റ് നൽകിവരുന്നുണ്ട്.

(സി) 1995-ലെ ഒരു സർവ്വേ പ്രകാരം നായാടികളുടെ സാക്ഷരതാനിരക്ക് 26 ശതമാനം ആണ്. ഇവരിൽ എസ്.എസ്.എൽ.സി. പാസ്സായവർ 1.2 ശതമാനം മാത്രമാണ്.

ആദിവാസി ക്ഷേമ പദ്ധതി

19 (2569) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനപ്രദേശത്ത് താമസിക്കുന്ന ആദിവാസികളുടെ ക്ഷേമത്തിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(ബി) ആദിവാസികൾക്ക് സ്ഥിരമായി ജോലി ലഭിക്കുവാനുള്ള പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ആദിവാസിമേഖലയിൽ പ്രാഥമിക ചികിത്സ ലഭ്യമാക്കാൻ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വനപ്രദേശത്തുള്ള കോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി വനം വകുപ്പിന്റെ ട്രൈബൽ സബ്പ്ലാൻ പദ്ധതിയിൽ തുക വകയിരുത്തി പട്ടികവർഗ്ഗക്കാർക്ക് വേണ്ട വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. പട്ടികവർഗ്ഗ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക, വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണത്തിന് ട്രഞ്ച് കുഴിക്കുക, കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തുക, ഭവനങ്ങൾ നിർമ്മിച്ചു നൽകുക, ഇൻഷ്വറൻസ് സംരക്ഷണം മുതലായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഉൾ വനങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 50000 രൂപയ്ക്ക് 15 സെന്റിൽ കുറയാത്ത ഭൂമി വാങ്ങി നൽകി വീടുവച്ച് മാറ്റി പാർപ്പിക്കുന്ന ഒരു പദ്ധതി 1998-99 വർഷം മുതൽ നടപ്പാക്കി വരുന്നു.

(ബി&സി) ഉണ്ട്. ട്രൈബൽ സബ്പ്ലാനിലെ പ്രത്യേക കേന്ദ്ര സഹായ നിധിയിലെ തുക ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിൽ പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കാൻ കെട്ടിട നിർമ്മാണത്തിൽ പരിശീലനം, തയ്യൽ,കൈത്തറി നെയ്ത്ത്, കമ്പ്യൂട്ടർ പരിശീലനം, മോട്ടോർ ഡ്രൈവിംഗിൽ പരിശീലനം എന്നിവ നൽകി വരുന്നു. സ്വയം തൊഴിലിന് 10000 രൂപ വരെ പലിശരഹിത വായ്പ നൽകുന്നു. തൊഴിൽ പരിശീലനം നേടിയവർക്ക്

LIBRARY ARCHIVES Kerala Legislative Assembly